## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4474 25/10/2016-ൽ മറുപടിക്ക്

### ചെറുകിട ജലവൈദ്യുത നയം

| | ചോദ്യം<br><br>ശ്രീ.വി.പി.സജീന്ദ്രൻ<br>"കെ.സി.ജോസഫ്<br>"അൻവർ സാദത്ത്<br>" ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ G.O.(P) No.25/2012/PD dated 03.10.2012 ഉത്തരവ് പ്രകാരം ചെറുകിട ജലവൈദ്യുത നയം 2012 പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നയം 25 MW വരെയുള്ള പദ്ധതികൾക്ക് മാത്രമാണ്. മത്സരാധിഷ്ഠിത ദർഘാസ് വഴി വരുന്ന സംരംഭകർ പദ്ധതികൾ അനുവദിച്ചതുമുതൽ 30 വർഷത്തേക്ക് BOOT (Build Own Operate Transfer) അടിസ്ഥാനത്തിൽ ഇൻഡിപെൻറഡ് പവർ പ്രോജക്ട്സ് ആയോ ക്യാപ്റ്റീവ് പവർ പ്രോജക്ട്സ് ആയോ നടപ്പിലാക്കാനാണ് നയം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത നയം നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശേഷി 150 MW വർദ്ധനവാണ് 2017-നോടുകൂടി നേടാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത നയം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | സർക്കാർ തലത്തിലും സ്വകാര്യ മേഖലാതലത്തിലും ഇത്തരം പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ഇന്റിപെന്റന്റ് പവർ പ്രൊഡ്യൂസർ / ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ (IPP/CPP) വിഭാഗങ്ങളിലായി ചെറു |

| | | | |
|---|---|---|---|
| | | | കിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്ക് നടപ്പിലാക്കാനാണ് പോളിസി വിഭാവനം ചെയ്യുന്നത്. ഇതിനുശേഷം ഈ പദ്ധതികൾ സർക്കാരിലേക്ക് തിരിച്ച് നൽകേണ്ടതും ആണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുകയാണ് ഈ പോളിസി പ്രത്യേകമായി വിഭാവന ചെയ്തിരിക്കുന്നത്. |
| (സി) | ഇതിനായി ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളാണ് പൂർത്തീകരിയ്ക്കാനുള്ളത്.<br>1. ലോവർ വട്ടപ്പാറ -3.5 MW<br>2. കുറുംപട്ടി - 3 MW<br>3. കൂടാതെ 2014 ൽ അനുവദിച്ച പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (ഡി) | പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | പദ്ധതികളുടെ രൂപരേഖകൾ പരിശോധിക്കുന്നതിനും പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനുമായി സാങ്കേതിക വിദഗ്ധരുടെ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള കമ്മിറ്റിയും വകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ അവലോകനവുമുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ അംഗങ്ങളായുള്ള ഏകജാലക സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

## 2014-ൽ അനുവദിച്ച ജലവൈദ്യുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവ

| നമ്പർ | SHP പ്രോജക്റ്റ് (സ്കീം നം. G.O(MS) 30/2012/PD dated 12.12.2012) | ജില്ല | സ്ഥാപിത ശേഷി | കമ്പനി |
|---|---|---|---|---|
| 1 | അടയ്ക്കാതോട് (2) | കണ്ണൂർ | 2.50 | ശ്രീ.ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഉവക്കുടി, ട്രിച്ചി. |
| 2 | അനക്കാംപോയിൽ (26) | കോഴിക്കോട് | 6.75 | ആനക്കാം പോയിൽ പവർ പ്രൈവറ്റ് ലിമിറ്റഡ് ഹൈദ്രാബാദ്. (SPV) |
| 3 | ആനയ്ക്കൽ (40) | കോട്ടയം | 2.00 | ആംങ്ഗ്ലർ സ്ട്രക്ച്ചറൽസ്, കോലഞ്ചേരി. |
| 4 | അരിപ്പാറ (13) | കോഴിക്കോട് | 3 | സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |
| 5 | ഇഞ്ചവരകത്ത് (52) | ഇടുക്കി | 3.00 | കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം |
| 6 | കാക്കടാംപോയിൽ എസി(11) | കോഴിക്കോട് | 21 | സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |
| 7 | കീഴാർകുത്ത് (27) | ഇടുക്കി | 15 | കീഴാർകുത്ത് പവർ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം (SPV) |
| 8 | കൊക്കാമുള്ള്(3) | കണ്ണൂർ | 2 | സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |
| 9 | കോഴിച്ചാൽ (46) | കണ്ണൂർ | 0.75 | സ്വസ്തിക്ക് ഇന്ത്യ ഇഞ്ചിനീയറിംഗ് (എസ്.സി) പ്രൈവറ്റ് ലിമിറ്റഡ്, മുബൈ. |
| 10 | കോഴിയിലകത്ത് | ഇടുക്കി | 1.00 | എ.ബി.ജി. ഇഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 11 | കതിരചാട്ടം (19) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 12 | ലോവർമർമ്മല (45) | കോട്ടയം | 0.90 | നേച്ചപാടം കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി. |
| 13 | മാടത്തരുവി(9) | പത്തനംതിട്ട | 1.00 | പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്. |
| 14 | മാലോത്തി(17) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 15 | മുത്തപ്പൻപുഴ(43) | കോഴിക്കോട് | 1.50 | മീനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് (ലീഡ് മെമ്പർ) |
| 16 | പനംകുടന്ത(15) | പത്തനംതിട്ട | 0.50 | എ.ബി.ജി എഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 17 | പതൻകയം(25) | കോഴിക്കോട് | 4.00 | മീനാർ റിന്യൂവബിൾ എനർജി പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് (SPV) |

| | | | | |
|---|---|---|---|---|
| 18 | പോരു ലോഹെഡ് സ്കീം(58) . | എറണാകുളം | 16.00 | സിയാൽ ഇൻഫ്രാസ്ട്രകച്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |
| 19 | തോണിയാർ (31) | എറണാകുളം | 2.60 | സിയാൽ ഇൻഫ്രാസ്ട്രകച്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |
| 20 | ഇമ്പൂർമൂഴി (60) | തൃശ്ശൂർ | 7.00 | കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്, ആലുവ. |
| 21 | ഈവൽ (33) | ഇടുക്കി | 1.00 | സിയാൽ ഇൻഫ്രാസ്ട്രകച്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |
| 22 | ഉറുമ്പിനി (32) | പത്തനംതിട്ട | 2.20 | സിയാൽ ഇൻഫ്രാസ്ട്രകച്ചേഴ്സ് ലിമിറ്റഡ്, കൊച്ചി. |

സെക്ഷൻ ഓഫീസർ